ശ്രീ. എൻ. കെ. ശേഷൻ: ട്രാൻസ്പോർട്ട് കോർപ്പറേഷൻ അടുത്തകാലത്ത് കടമെടുത്ത സംഖ്യയിൽനിന്ന് പുതിയ ചേസ്സിസ് വാങ്ങാൻ തുക നീക്കിവച്ചിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതിനു വേറെ ചോദ്യം ചോദിക്കണം.

Gherao

* 243 [875] **Shri S. P. Luiz**: Will the Labour Minister be pleased to state :

(*a*) have Government accepted Gherao as a lawful method for redressal of grievances of workers ;

(*b*) if so can Government servants also adopt this method to set right injustices done ;

(*c*) will the police also be permitted to adopt this method of Gherao for the redressal of their grievances ?

Labour Minister (**Shri Mathai Manjooran**) :

(*a*) Government have accepted all lawful and justiceable methods adopted by workers for the redressal of their grievances. Gherao which is wrongful cofinement is unlawful and is an offence under the I.P.C.

(*b*) and (*c*) does not arise.

Shri S. P. Luiz : The Hon. Minister said that Government have accepted lawful agitations. My question is very specific, has the Government accepted Gherao as a lawful method for redressal of grievances of workers ?

ഡെപ്യൂട്ടി സ്പീക്കർ: അതിനു മറുപടി പറഞ്ഞുകഴിഞ്ഞല്ലോ.

Shri S. P. Luiz : No, the question is, have Government accepted Gherao as a lawful method ?

ഡെപ്യൂട്ടി സ്പീക്കർ : ഘെരാവോ ഇല്ലീഗലാണെന്നു പറഞ്ഞുകഴിഞ്ഞു.

Shri Mathai Manjooran : It is the Indian Labour Conference which has decided that Gherao which amounts to a wrongful confinement is unlawful and is an offence.

ശ്രീ. കെ. എം. മാണി: 'അൺലാഫുൾ കൺഫൈൻമെൻറ്' അല്ലാത്ത ഘെരാവോ എതാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഒന്നു വിശദീകരിക്കുമോ ? അങ്ങനെ ഒരു ഘെരാവോ ഉണ്ടോ?

Shri Mathai Manjooran : I can only state my opinion.

ശ്രീ. കെ. കരുണാകരൻ : പല തൊഴിലാളി സമ്മേളനങ്ങളിലും ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി ചെന്ന്, ഘെരാവോ തൊഴിലാളികളുടെ ജൻമാവകാശമാണ്, ഏതു തരത്തിലുള്ള ഘെരാവോയും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള ആയുധമായി പ്രയോഗിക്കാം എന്നു തൊഴിലാളികളെ ആഹ്വാനം ചെയ്തിട്ടുണ്ടോ ; ആ ആഹ്വാനവും ഈ മറുപടിയുമായി ബന്ധമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി മാഞ്ഞൂരാൻ: തൊഴിലാളികൾക്കു നിയമവിരുദ്ധമല്ലാത്ത രീതിയിൽ ഘെരാവോ പ്രയോഗിക്കാം എന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അതു തന്നെയാണ് മറുപടിയിലും പറഞ്ഞത്.

ശ്രീ. പി. എം. അബൂബേക്കർ: നിയമവിധേയമല്ലാത്ത ഘെരാവോ ഏതാണ്; ഒരു വിശദീകരണം നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: നിയമവിധേയമാണോ അല്ലയോ എന്നു പരിശോധിച്ചു തീരുമാനിക്കുന്ന ഭാരം കോടതിയിൽ നിക്ഷിപ്തമായിരിക്കുകയാണ്. അതുകൊണ്ടാണ് 'ജസ്റ്റിഫൈയബിൾ' എന്നു ഞാൻ പറഞ്ഞത്.

ശ്രീ. കെ. എം. ജോർജ്ജ്: കേരളത്തിലെയും ഇൻഡ്യയിലെയും ബഹുമാനപ്പെട്ട ഹൈക്കോടതികളും കീഴ്ക്കോടതികളും ഘെരാവോ നിയമവിരുദ്ധമാണെന്നും ഒരു കുറ്റമാണെന്നും പല കേസ്സുകളിലും വിധിയെഴുതിയിട്ടുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനപ്പുറത്തു എന്തു ഘെരാവോയാണ് നിയമവിധേയമായിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ആ വിധികളൊന്നുമില്ലാതെ അതിനെപ്പറ്റി പറയാൻ പ്രയാസമാണ്. അത്തരം വിധികളുണ്ടാകുന്നത് അതാതു കേസ്സിന്റെ ആർഗ്യുമെന്റുകളും, കണ്ക്ലൂഷൻസും അനുസരിച്ചായിരിക്കും.

ശ്രീ. പി. പി. വിൽസൻ: തൊഴിലാളികളുടെ അവശതകൾ പരിഹരിക്കാൻ, ഈ രാജ്യത്തുള്ള നിയമകോടതികളെ മുഴുവൻ സമീപിച്ചിട്ടും അവയുടെ തീരുമാനങ്ങൾപോലും ലംഘിക്കുന്ന മുതലാളിമാർ ഉണ്ടായിരുന്നാൽ, അവരിൽനിന്നു നീതി ലഭിക്കുന്നതിനും അവശതകൾ പരിഹരിക്കാനും എന്തു മാർഗ്ഗമാണുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: തൊഴിലാളികൾക്കു അവരുടെ യൂണിയൻ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുള്ളത്.

ശ്രീ. ആർ. എസ്. ഉണ്ണി: തുടർച്ചയായി നിയമം ലംഘിക്കുകയും തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ അനുവദിക്കാതെ വളരെ മൃഗീയമായി പെരുമാറുകയും ചെയ്യുന്ന മുതലാളിമാർക്കെതിരായി, യാതൊരു ആയുധവും എന്താതെ നടത്തുന്ന ഒരു സമരപരിപാടിക്കു ഘെരാവോ എന്ന പേരു പറഞ്ഞാലും അതു ന്യായീകരിക്കാവുന്നതല്ലേ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ന്യായീകരിക്കലും, അന്യായീകരിക്കലും എല്ലാം ഗവണ്മെന്റിന്റെ എക്സിക്യൂട്ടീവു ഘടകത്തിനെ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയാണ് ജുഡീഷ്യൽ വിഭാഗം ഗവൺമെന്റിനുള്ളത്. അവരാണ് ഇതുപോലുള്ള കേസ്സുകൾ വാദിക്കാനും തെളിവുകൾ അനുസരിച്ചു വിധിയെഴുതാനും അർഹതയുള്ളവർ.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: എല്ലാ 'കൺഫൈൻമെന്റും' നിയമവിരുദ്ധമാണെന്നു ബഹുമാനപ്പെട്ട മന്ത്രി കരുതുന്നുണ്ടോ ?

(ഉത്തരമില്ല).

ശ്രീ. കെ. ടി. ജോർജ്ജ്: ബഹുമാനപ്പെട്ട മന്ത്രിയുടെ ഘെരാവോയെ സംബന്ധിച്ചുള്ള പ്രസംഗങ്ങളും പ്രചരണങ്ങളുംമൂലം ഈ രാജ്യത്ത് മലീമസമായ ഒരു സാഹചര്യം നിലനിൽക്കുന്നുണ്ടെന്നു മനസ്സിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ടോ, മന്ത്രിയുടെ അഭിപ്രായം ഇന്നും പഴയതുപോലെ നിലനിറുത്തുകയാണോ, വ്യത്യാസം വരുത്തിയിട്ടുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : എന്റെ അഭിപ്രായം, അഭിപ്രായങ്ങളും സ്വീകരിക്കാനും നിരാകരിക്കാനുമുള്ള എന്റെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു ഇതിനു ഉത്തരം പറയേണ്ട ആവശ്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഒരു കാലത്തു പണിമുടക്കുപോലും നിയമവിരുദ്ധമാണെന്നു കോടതികളും വിധിച്ചിട്ടില്ലേ ; തൊഴിലാളികളും പണിമുടക്കാൻ സാധിക്കാതെ, ഫെരാവോ അംഗീകരിച്ചാൽ കോടതി തീരുമാനംകൊണ്ടു അതു നിറുത്താൻ കഴിയുമെന്നാണോ വിശ്വാസം ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : തൊഴിലാളിവർഗ്ഗം സംഘടിതശക്തികൊണ്ട് ഓരോ പരിതഃസ്ഥിതിയിലും സ്വീകരിക്കുന്ന നടപടികളിൻമേൽ കോടതി എന്തു വിധിക്കുന്നു എന്ന് സംഗതമായ കാര്യങ്ങളും നമ്മുടെ മുമ്പിൽ ഉണ്ടെങ്കിൽ എന്തെങ്കിലും പറയാം ; അഭ്യൂഹപരമായിട്ട് എന്തെങ്കിലും പറയുന്നതു ശരിയായിരിക്കുകയില്ലെന്ന ഭയംകൊണ്ടാണ് അങ്ങനെ പറയുന്നത്.

ശ്രീ. പി. രാമലിംഗം : ഫെരാവോ അൺലാഫുൾ കൺഫൈൻമെന്റ് ആകുമ്പോൾ തെറ്റാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഏതെല്ലാം സാഹചര്യത്തിലാണ് ലാഫുൾ കൺഫൈൻമെന്റ് ഫെരാവോ നടത്താവുന്നത് ; ഏതെല്ലാം അവസരത്തിൽ അൺലാഫുൾ കൺഫൈൻമെന്റു ഫെരാവോ നടത്താം ; ഒന്നു ഡിഫൈൻ ചെയ്യാമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം കൽക്കട്ടാ ഹൈക്കോടതിയുടെ ഒരു വിധിയുണ്ടായിട്ടുണ്ട്. വളരെ പ്രാചീനകാലംമുതൽ, കൊട്ടാരത്തിന്റെ കോട്ടവളയംമുതൽ തുടങ്ങി, കല്യാണമണ്ഡപത്തിൽ വധൂവരൻമാർ ഹോമകുണ്ഡത്തിനു ചുറ്റും കറങ്ങുന്നതിനെ തുടർന്ന് ഇന്നു തൊഴിലാളിപ്രസ്ഥാനം മാനേജ്മെന്റിനെ വളഞ്ഞു വയ്ക്കുന്ന ചരിത്രപരമായ പാരമ്പര്യം ഇതിനുണ്ടെന്നാണു പറയുന്നത്.

தொழில் தகராறுகள்

* 244. [876] ஸ்ரீ. என். கணபதி : கீழ் காணும் விஷயங்களுக்கு லேபர் மந்திரி அவர்கள் விடை பகர்வார்களாக :

(எ) நமது மாநிலத்தில் ஒவ்வொரு மாவட்டத்திலும் 1969 ஜனவரி முதல் ஆகஸ்ட் மாதம் முடிய எத்தனை தொழில் தகராறுகள் ஏற்பட்டன ;

(பி) அவை எங்கெங்கு எந்தெந்த ஸ்தாபனங்களில் ஏற்பட்டன ;

(ஸி) அவைகளில் எத்தனை பைசல் செய்யப்பட்டன ;

(டி) எத்தனை பைசல் செய்யப்படாமல் கிடக்கின்றன என்றும், என்ன காரணங்களால் என்றும் கூறலாமா ;

(இ) அரசாங்க கம்பெனிகளிலும், தனியார் ஸ்தாபனங்களிலும் தனித்தனியாக எத்தனை பைசல் செய்யப்படாமல் கிடக்கின்றன என்று கூறப்படுமா ?

Minister for Labour (**Shri Mathai Manjooran**):

(*a*) to (*e*) Details are being collected.

LIBRARY ARCHIVES Kerala Legislative Assembly